## പതിമൂന്നാം കേരള നിയമസഭ

### രണ്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 4094 18.10.2011 – ൽ മറുപടിക്ക്**

**<u>അരൂർ, എഴുപുന്ന പാലത്തിന്റെ ടോൾ പിരിവിൽ നിന്നും സമീപ പഞ്ചായത്തുകളെ ഒഴിവാക്കാൻ നടപടി</u>**

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ. എ. എം. ആരിഫ് :** | **ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ് (മരാമത്ത് വകുപ്പ് മന്ത്രി)** |
| (എ) എൻ.എച്ച്.എ.ഐ.യുടെ വിജ്ഞാപനം പ്രകാരം ഹൈവേകളിലെ പാലങ്ങളിൽ നിന്നുള്ള ടോൾ പിരിവിൽ നിന്നും പാലത്തിന്റെ 20 കി.മീ. ചുറ്റളവിലെ താമസക്കാരെ ഒഴിവാക്കിയിട്ടുണ്ടോ ; എങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കുമോ ; | (എ) കേരളത്തിൽ പാലങ്ങൾക്ക് മാത്രമായി എൻ.എച്ച്.എ.ഐ. ടോൾ പിരിക്കുന്നില്ല. കേന്ദ്ര സർക്കാരിന്റെ വിജ്ഞാപന പ്രകാരം എൻ. എച്ച്. ഡി. പി. പാക്കേജുകളിൽ 10 കി. മീ. ചുറ്റളവിലുള്ള താമസക്കാരിൽ നിന്നും സൗജന്യ നിരക്കിൽ പ്രതിമാസം 150/- രൂപയും, 10 മുതൽ 20 കി. മീ. ചുറ്റളവിലുള്ള താമസക്കാരിൽ നിന്നും സൗജന്യ നിരക്കിൽ പ്രതിമാസം 300/- രൂപയും ഈടാക്കുന്നുണ്ട്. |
| (ബി) ടോളിൽ നിന്നും ഒഴിവാക്കിയിട്ടുണ്ടെങ്കിൽ ആലപ്പുഴ എറണാകുളം ജില്ലകളെ തമ്മിൽ ബന്ധിപ്പിക്കുന്ന അരൂർ-കുമ്പളം പാലത്തിന്റെ ടോൾ പിരിവിൽ നിന്നും അരൂർ, എഴുപുന്ന, അരൂക്കുറ്റി പഞ്ചായത്തുകളെ ഒഴിവാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ? | (ബി) എൻ.എച്ച്.എ.ഐ. ടോളിൽ നിന്നും അരൂർ, എഴുപുന്ന, അരൂക്കുറ്റി പഞ്ചായത്ത് പ്രദേശത്തുള്ളവരെ ഒഴിവാക്കിയിട്ടില്ല. കുമ്പളം ഗ്രാമപഞ്ചായത്തിലെ താമസക്കാരിൽ നിന്നും കിട്ടേണ്ട ടോൾ തുക അവരിൽ നിന്നും ഈടാക്കാതെ പകരം സർക്കാരിൽ നിന്നും നേരിട്ട് എൻ.എച്ച്.എ.ഐ - ക്ക് നൽകുവാൻ തീരുമാനിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ.